പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5393 — 23.05.2017-ലെ മറുപടിക്ക്

## ബസ് ബോഡി നിർമ്മാണം

**ചോദ്യം**

ശ്രീ. പി.ടി. തോമസ്
" അനിൽ അക്കര
" സണ്ണി ജോസഫ്
" അടൂർ പ്രകാശ്

**ഉത്തരം**

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ ബസ് ബോഡി നിർമ്മാണത്തിന് എത്ര മനുഷ്യാദ്ധ്വാന ദിനങ്ങളാണ് ഇപ്പോൾ വേണ്ടിവരുന്നത്; | (എ) | കെ.എസ്.ആർ.ടി.സി യിൽ ബസ് ബോഡി നിർമ്മാണത്തിന് ശരാശരി ഓർഡിനറി / ഫാസ്റ്റ് പാസഞ്ചർ ബസിന് 341 ഉം, സൂപ്പർ ഫാസ്റ്റ് ബസിന് 358 ഉം മനുഷ്യാദ്ധ്വാന ദിനങ്ങൾ വേണ്ടി വരുന്നുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച ദേശീയ ശരാശരി എത്രയാണ്; | (ബി) | 200-225 മനുഷ്യാദ്ധ്വാന ദിനങ്ങളാണ് ബസ് ബോഡി നിർമ്മാണത്തിന് ദേശീയ ശരാശരിയായി കണക്കാക്കിയിട്ടുള്ളത്. |
| (സി) | ദേശീയ ശരാശരിയെക്കാൾ കൂടുതൽ മനുഷ്യാദ്ധ്വാനദിനങ്ങൾ കെ.എസ്.ആർ.ടി.സിയുടെ ബസ് ബോഡി നിർമ്മാണത്തിന് എടുക്കുന്നതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് ദേശീയ ശരാശരിക്ക് ഒപ്പമാക്കി കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിൽ നിന്നും ഒരു പരിധിവരെയെങ്കിലും കരകയറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി നിർമ്മിക്കുന്ന ബസ്സുകളിൽ (ഡീലക്സ് ഒഴികെയുള്ളവ) സീറ്റ് അസംബ്ലി, വിൻഡോ പാനലിംഗ് എന്നിവ കെ.എസ്.ആർ.ടി.സിയുടെ തന്നെ വർക്ക്ഷോപ്പുകളിലാണ് നിർമ്മിക്കുന്നത്. ഇതിലേക്കായി അധികം മനുഷ്യാദ്ധ്വാനദിനങ്ങൾ വേണ്ടി വരുന്നുണ്ട്. കൂടാതെ ബസ്സ് ബോഡി നിർമ്മാണത്തിന്റെ പല ഘട്ടങ്ങളിലും മനുഷ്യാദ്ധ്വാന ദിനങ്ങൾ കൂടുതലാകുന്നുണ്ട്. ബസ്സ് ബോഡി നിർമ്മാണത്തിന്റെയും വാഹനഭാഗങ്ങളുടെയും വിവിധ റിപ്പയർ ജോലികളുടെയും നിലവിലെ മനുഷ്യാദ്ധ്വാനദിനങ്ങൾ ശാസ്ത്രീയമായി വിശകലനം നടത്തി പുനരവലോകനം ചെയ്യുന്നതിനായി സംസ്ഥാന പ്രൊഡക്റ്റിവിറ്റി കൗൺസിലിനെ സമീപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**